## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നമ്പർ-1006 12.07.2016 ലെ മറുപടിക്ക്

## പി.എം.കെ.എസ്.വൈ. പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | | ശ്രീ. വി.എസ്. സുനിൽ കുമാർ (കാർഷിക വികസന കർഷക ക്ഷേമ വകുപ്പു മന്ത്രി) |
| (എ) | പ്രധാൻമന്ത്രി കൃഷി സിഞ്ചായ് യോജന (PMKSY) പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള നിർമ്മാണപ്രവർത്തനങ്ങൾ ഏതെല്ലാമെന്ന് വിശദമാക്കുമോ; | (എ) | പ്രധാൻമന്ത്രി കൃഷി സിഞ്ചായ് യോജന പദ്ധതിയിൽ ഉൾപ്പെടുത്തി ചെക്ക് ഡാമുകൾ, നല്ലാബണ്ട്, വാട്ടർടാങ്ക്, കൃഷിയാവശ്യത്തിനുള്ള കുളങ്ങൾ, ഫീൽഡ് ബണ്ടിംഗ്, കോണ്ടൂർ ബണ്ടിംഗ്, മഴവെള്ള സംഭരണികൾ, മഴക്കുഴികൾ, കിണർ കുഴിക്കൽ, റീച്ചാർജ്ജിംഗ്, പമ്പ്സെറ്റുകൾ സ്ഥാപിക്കൽ, തോടുകളുടെ പാർശ്വഭിത്തി സംരക്ഷണം, ഫീൽഡ് കനാലുകൾ നിർമ്മിക്കൽ, സൂക്ഷ്മ ജലസേചനം, നിലവിലുള്ള ചെറുകിട വൻകിട ജലസേചന പദ്ധതികളുമായി ബന്ധപ്പെട്ട പ്രവർത്തികൾ തുടങ്ങിയ നിർമ്മാണ പ്രവർത്തനങ്ങൾ ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിന് ചുമതലപ്പെടുത്തിയിട്ടുള്ള വകുപ്പുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത പദ്ധതി കൃഷി, ഗ്രാമവികസന, ജലസേചന വകുപ്പുകൾ ഏകോപിപ്പിച്ച് നടപ്പിലാക്കുന്നു. |
| (സി) | പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിന് ഓരോ വകുപ്പുകളെയും ചുമതലപ്പെടുത്തിയിരിക്കുന്ന കാര്യങ്ങൾ ഏതെല്ലാമെന്നു വിശദമാക്കുമോ; | (സി) | വാട്ടർഷെഡ് അടിസ്ഥാനമാക്കിയുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് ഗ്രാമവികസന വകുപ്പിനേയും ചെറുകിട വൻകിട ജലസേചനവുമായി ബന്ധപ്പെട്ട പ്രവർത്തികൾ ജലസേചന വകുപ്പിനേയും വരൾച്ചയെ പ്രതിരോധിക്കുന്നതിന് ആവശ്യമായ ജലസംരക്ഷണ പ്രവർത്തികളും പരിശീലനവും നൽകുന്നതിനു കൃഷി വകുപ്പിനേയും ചുമതലപ്പെടുത്തിയിരിക്കുന്നു. |

(ഡി) പി.എം.കെ.എസ്.വൈ പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക ലഭ്യമാക്കുന്ന രീതി വ്യക്തമാക്കുമോ;

(ഡി) കേന്ദ്ര കൃഷി, ഗ്രാമ വികസന, ജലവിഭവ മന്ത്രാലയങ്ങളുടെ വാർഷിക ബഡ്ജറ്റുകളിൽ ഈ പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുള്ള തുക സംസ്ഥാന സർക്കാരിന് ലഭ്യമാവുകയും സംസ്ഥാന സർക്കാർ സംസ്ഥാന വിഹിതം കൂടി ചേർത്ത് അതാത് വകുപ്പുകൾക്ക് സംസ്ഥാന തല കമ്മിറ്റി അംഗീകരിച്ച പ്രോജക്ടുകൾ നടപ്പിലാക്കുകയും ചെയ്യും.

(ഇ) ഈ പദ്ധതിക്ക് ഇപ്പോൾ അനുവദിച്ചിട്ടുള്ള തുക എത്രയെന്നും അവ ഏതു തരം പണികൾക്കെന്നും വ്യക്തമാക്കുമോ?

(ഇ) ഗ്രാമ വികസന വകുപ്പിന് 11.37 കോടി രൂപയും കൃഷി വകുപ്പിന് 23 കോടി രൂപയും കേന്ദ്ര വിഹിതമായി അനുവദിച്ചിട്ടുണ്ട്. ഈ തുക ചെക്ക് ഡാമുകൾ, നല്ലാബണ്ട്, വാട്ടർടാങ്ക്, കൃഷിയാവശ്യത്തിനുള്ള കുളങ്ങൾ, ഫീൽഡ് ബണ്ടിംഗ്, കോണ്ടൂർ ബണ്ടിംഗ്, മഴവെള്ള സംഭരണികൾ, മഴക്കുഴികൾ, കിണർ കുഴിക്കൽ, റീച്ചാർജ്ജിംഗ്, പമ്പ്സെറ്റുകൾ സ്ഥാപിക്കൽ, തോടുകളുടെ പാർശ്വഭിത്തി സംരക്ഷണം, ഫീൽഡ് കനാലുകൾ നിർമ്മിക്കൽ, സൂക്ഷ്മ ജലസേചനം, നിലവിലുള്ള ചെറുകിട വൻകിട ജലസേചന പദ്ധതികളുമായി ബന്ധപ്പെട്ട പ്രവർത്തികൾ തുടങ്ങിയ നിർമ്മാണ പ്രവർത്തനങ്ങൾക്കാണ് ഉപയോഗിക്കുന്നത്.

സെക്ഷൻ ഓഫീസർ